
# ഇതളുകൾ



## ജി.എച്ച്.എസ്.എസ് വളയം

## ഡിജിറ്റൽ മാഗസിൻ

little KITEs

2022-25



റവന്യു ജില്ല

കോഴിക്കോട്

വിദ്യാഭ്യാസജില്ല

വടകര

ഉപജില്ല

നാദാപുരം

പ്രധാന അധ്യാപകൻ

രാജൻ.പി

പി.ടി.എ.പ്രസിഡണ്ട്

ശ്രീജിത്ത്

# ചരിത്രത്തിലൂടെ

കോഴിക്കോട് ജില്ലയിൽ നാദാപുരം നിയോജക മണ്ഡലത്തിലെ വളയം ഗ്രാമ പഞ്ചായത്തിൽ വളയം ടൗണിന്റെ ഹൃദയഭാഗത്തായി ഗവ.എച്ച് എസ് എസ് വളയം സ്ഥിതി ചെയ്യുന്നു. ജില്ലയിലെ കിഴക്കൻ മലയോര മേഖലയിലെ വിദ്യാർത്ഥികൾ ധാരാളമായി പഠിക്കുന്ന ഒരു വിദ്യാഭ്യാസ സ്ഥാപനമാണിത്. ഈ പ്രദേശത്തെ ആദ്യത്തെ ഉന്നത പൊതുവിദ്യാലയം എന്ന നിലയ്ക്ക് വിദ്യാഭ്യാസ സാംസ്കാരിക സാമൂഹിക രംഗത്തെ വളർച്ചയിൽ സ്ഥാപനത്തിന്റെ പങ്ക് വളരെ വലുതാണ്.

*1957* ജൂൺ *24*ാം തീയതി മലബർ ഡിസ്ട്രിക്റ്റ് ബോർഡിന്റെ കീഴിൽ ആരംഭിച്ച ഈ വിദ്യാലയത്തിന് ആ വർഷം തന്നെ ഗവൺമെന്റ് അംഗീകാരം ലഭിച്ചു. താൽകാലികകെട്ടിടത്തിലാണ് പ്രവർത്തനം തുടങ്ങിയത്. വിദ്യാലയത്തിന് സ്ഥലവും, കെട്ടിടവും, പഠനസൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനായി സി.എച്ച്.കണാരൻ രക്ഷാധികാരിയായി ജനകീയ കമ്മിറ്റി രൂപീകരിക്കപ്പെടുകയും, *1959* ജനുവരി *2*ന് സ്കൂൾകെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിക്കപ്പെടുകയും ചെയ്തു. ഓഫീസ് മുറി അടക്കം ആറ് മുറികളുള്ള ഒരു സ്ഥിരം കെട്ടിടവും ഒരു തൽകാലിക ഷെഡും

സ്കുൂൾ തുടങ്ങുമ്പോൾ തന്നെ ഉണ്ടായിരുന്നു. ഒറ്റപ്പാലത്തിനടുത്തുള്ള പത്തിരിപ്പാല സ്വദേശി കൊച്ചുഗോപാലൻനായരാണ് ആദ്യത്തെ ഹെഡ്മാസ്റ്റർ. *1960*-ൽ എസ്.എസ്.എൽ.സി.യുടെ ആദ്യ ബച്ച് പുറത്തിറങ്ങി. *1990* ൽ ഹയർസെക്കന്ററി നിലവിൽ വന്നു.

അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കുൾ എന്നീ വിഭാഗങ്ങളിലായി *1500*ൽ പരം വിദ്യാത്ഥികൾ ഇവിടെ പഠിക്കുന്നുണ്ട്.ഇംഗ്ലിഷ്, മലയാളം മീഡിയം പ്രവർത്തിക്കുന്നുണ്ട്. ഹയർ സെക്കന്ററിയിൽ സയൻസ്, ഹ്യുമാനിറ്റീസ് ബാച്ചുകളാണുള്ളത്. പഠന, പഠനേതര പ്രവർത്തനങ്ങളിൽ ഈ വിദ്യാലയം മികച്ച വിദ്യാലയമായി മാറിയിട്ടുണ്ട്. എസ്.എസ്.എൽ.സി., പ്ലസ്സു പരിക്ഷകളിലും, എൻ.എം.എം.എസ്, യുസ്.എസ്.എസ് പരീക്ഷകളിലും തിളക്കമാർന്ന വിജയങ്ങൾ കൈവരിച്ചിട്ടുണ്ട്. ശാസ്ത്ര, ഗണിതശാസ്ത്ര, സാമുഹ്യശാസ്ത്ര, പ്രവർത്തി പരിചയമേളകളിലും കലാ_കയിക മേളകളിലും മികച്ച നേട്ടങ്ങൾ കൈവരിക്കാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്

സംസ്ഥാന സർക്കാറിന്റെ ഹൈടെക് സ്കൂൾ പദ്ധതിയിൽ ഉൾപ്പെടുത്തി അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തപ്പെട്ട വിദ്യാലയമാണിത്.

സംസ്ഥാന സർക്കാറിന്റയും കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെയും വികസനപദ്ധതികളിൽ ഉൾപ്പെടുത്തി ഭൗതിക സഹചര്യങ്ങൾ വികസിപ്പിച്ചിട്ടുണ്ട്. വിശാലമായ ലൈബ്രറിയും സ്കൂൾ ഓഡിറ്റോറിയവും മികച്ച സൗകര്യങ്ങളോട് കൂടിയവയാണ്. *24* ക്ലാസ് മുറികളും ഡിജിറ്റൽ സൗകര്യങ്ങളോടു കൂടി ഹൈടെക് നിലവാരത്തിലുള്ളവയാണ്. ബഹു.നാദാപുരം എം.എൽ.എ. ഇ.കെ വിജയന്റെ വികസന ഫണ്ട് ഉപയോഗപ്പെടുത്തി സ്കൂളിൽ ഒരു ഓപ്പൺസ്റ്റേജ്, ചുറ്റുമതിൽ, പ്രവേശനകവാടം എന്നിവ നിർമ്മിച്ചിട്ടുണ്ട്. ജില്ലാപഞ്ചായത്ത് അനുവദിച്ച ഫണ്ട് ഉപയോഗിച്ച് പാചകപ്പുരയുടെയും, ഭക്ഷണശാലയുടെയും നിർമ്മാണപ്രവർത്തനം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.



# പക്ഷികൾ

മുളപൊട്ടും പ്രഭാതത്തിൽ
എന്നെ വിളിച്ചുണർത്തും കിളികളെ...
പ്രഭാതമെൻ മുന്നിൽ
ഇനിയും നീ എത്തിക്കേണമേ..
എൻ ഹൃദയത്തിലാഹ്ലാദം
നീ നിറച്ചുവല്ലോ
പ്രകൃതി  തൻ ഗായകരല്ലോ നിങ്ങൾ
പ്രകൃതിയാം അമ്മ തൻ
മക്കളല്ലോ നിങ്ങൾ
കളകള ശബ്ദപൂരിതമായോരോരോ
പുലരിയും എൻ മുന്നിലെത്തിക്കും
വിണ്ണിൻ വിമാനങ്ങളെ...
ഉയരൂ... ഉയർന്ന് ദുഃഖങ്ങളലിയിക്കു..
ഈനെഞ്ചിലാഹ്ലാദം വിരിയിക്കൂ...

**നിഹാര കെ എൻ**
**8 സി**



നിവേദ്കൃഷ്ണ 9E

# CHILDREN'S RIGHT, AN ANALYSIS

ജീവന്യ എസ് അനിൽ 10.എ

Children are the hope of our future. The children of India, are the persons who are responsible for the formation of India. The India will recognize with their children in future. They are the real Heros, who are going to build a strong nation . So the children wants to get the rights, they needed. The nation wants to give them the rights for their growth. The children are suffering a lot of problems in our Indian society. We want to rectify it with giving rights to them.

As we all know ,the major problem of students or children is "DRUG ADDICTION" .The future of India is being destroying day by day. The drugs are mainly aiming at the teenagers and youths. Beacause they don't need to get freedom from addiction, they are not wishing to get freedom from addictions, that's why the Drug is now aiming at teenagers.

We have so many organisations and rules against DRUGS. We have so many student organisations like SPC (Student police cadet), JRC (junior red cross), NSS(National service scheme), NCC(National cadet corps). These all organisations are working against THE DRUGS. And we know we had a policy called 'vimukthi' in our schools. We have so many solutions for our problems.

Like this we, the students are facing problems like child labour. We all know, this may destruct our education process. We have an act called 'RIGHT TO EDUCATION ACT' [RTE ACT] Which ensures primary education to all. But so many children don't get education. Remembering a poem by BOB DYLON, the famous American poet, which is named as BLOWING THE WIND . In that poem, the poet says that,

"How many roads must a man walk down before you call him a man.
How many seas must a white dove sail ,before she sleeps in the sand"

Here poet is asking how long it takes to get a peace full sleep and how long it takes to get freedom. Like that we can think that how long it takes to get complete freedom and rights to think about a good future .

We all know that we are celebrating 12th June as day against child labour. In that day,we just talk about the children, who are under labour. We emphasis do not do any slavery towards the children.

The drugs are mainly aiming at like child labour ,we are facing so many physical and mental problems. As the students are in their adolescense, they will have so many mood swings. They will have so many health problems. So the adolecence are now getting suicide. Or the suicide rate is increasing in students. So as we can give them awareness classes. Now a days children are getting awarness programmes and counselling classes in schools.

In this 21st century or in this 5G world, the students are getting "high tech classes". So there are so many posssibilities of technology. There are ICT classes for them . The regular classes will help gain technological informations in this world. It is very important. So this technologies helps them.

As the students wants to get higher educations, it neccessary to get into so many bus and other vehicles. There will be some economical difficulty for them. So the government allow them to travel with less expense. Like this our administrations can help the children . Sometimes the students wants to get higher education abroad. The government will give them facilities for it and also sanctions loans to them.

We all know, now a days we have Projectors at each classes. But we don't make use of it for regularly. As this technologies , we can visualise all the topics, we can get ideas clearly. This technology is really useful in this time. This is also a right, the students want.

We have help lines for the children. These help lines can help the children from many problems.

The children want to get nutritional foods for their better health. This right is also giving them by so many organisations, also through schools. We, the students have free food till $8^{th}$ standard. The students get milk and egg in a week and also they get nutritional food for lunch in school . This right also ensures through schools and Anganvadis.

The students get good teachers and good learning facilities through schools. The Govt. ensures it through PSC appoinments.

Today we have rights to ask doubts and clear our doubts. In earlier times, the students sometimes didn't get enough freedom to ask doubts, they were afraid .

Today, we want to know that governments gives us rights, more than we needed. This excess or more rights also destructing us. In many ways.


According to child right commission, the teachers don't have right to punish the children physically and also teachers can't conduct classes in early in the school time and late in the school times. This all are effecting us. We don't get enough time to get chapters with details we don't get more details about the topics. Also students will lead a bad life, as the teaches can't punish them so remembering a slogan of MAHATMA GANDI .

"BE THE CHANGE THAT YOU WISHED TO SEE IN THE WORLD"

We can against the evils and cruelty and also we can stay with positivity. We can change the world with our strong action, then we can dream a better nation.



നിവേദ്കൃഷ്ണ













സ്കൂളിന്റെ
അഭിമാനങ്ങൾ......


















യുഎസ്എസ്
ഷാൻവിയ എസ്





അനുദേവ്.9G
ലോഗ്ജംപ്, 200 മീ.
സംസ്ഥാനതല യോഗ്യത




എൻഎംഎംഎസ്
ശിവദ ശശി

സ്കൂളിന്റെ
അഭിമാനങ്ങൾ......

# മഴ

വാനിൻ മടിയിൽ നിന്ന്
ഭൂമിയിൽ വീഴുന്ന പുഷ്പങ്ങൾ
മഴതൻ താരാട്ടിൻ ഈണത്തിൽ
ഞാൻ വീണുറങ്ങീടുന്നു
ദുഃങ്ങൾ അലിയുമീ നിമിഷം
ഇലകളിൽ നിന്ന്
മനതാരിലേക്ക് മഴത്താളം.......

തൻമയ എസ് എസ്
8 സി



നിവേദ്കൃഷ്ണ 9E

# ജനലഴിക്കപ്പുറത്തെ ഇരുണ്ടകാഴ്ചകൾ

ജനൽ പഴുതിലൂടൊന്നിതാ
വിദൂരത്തേക്കെത്തിനോക്കവേ,
എൻമിഴിക്കിമ്പമേകുന്നൊരു
ശോണപുഷ്പത്തെ കണ്ടു ഞാൻ.
പൊടുന്നനെ എൻ മനം
അമഗ്നനായതിൻ ശോഭയിൽ
കിഴക്കെമന്നൻ അതിൻമേൽ
തന്റെ പ്രഭ ചൊരിഞ്ഞു.
അതിൻ മൃദുദളത്തെ സ്പർശിക്കാനല്ലോ
എന്നും ഇളംകാറ്റ് അതുവഴി പാഞ്ഞത്,
എന്തൊരു കഷ്ടം!
വിനാശകാലമുദിച്ചതോ ഏതോ
ദ്രോഹി ആ പൂവിനെ പിഴുതെറിഞ്ഞു.
അരുതെന്നു പറയുവാൻ വെമ്പി ഞാൻ
എന്നാകിലും, എൻസ്വരങ്ങൾ കാറ്റിലലിഞ്ഞുപോയ്.
മൽസഹായം നൽകി ആ ചെറു
പുഷ്പത്തെ കാത്തുകൊള്ളാൻ
കഴിയാത്തതിൻ വേദന
എൻ ഞരമ്പുകളെ
ഞെക്കിഞെരുക്കിയതാകാം,
ഞാൻ നിദ്രയിലാണ്ടുപോയ് ക്ഷണനേരം.
തെല്ലിടനേരം ഞാൻ ഒരു സ്വപ്നം കണ്ടു,
അതിൻ ഭീകരത കേൾക്കണോ
ആ ചെറുപുഷ്പമതിൽ ഒരു
സുന്ദരിയായി മാറിപോയ്
വന്നൊരു നീചന്റെ വക്രദൃഷ്ടി
കൊണ്ടതവൾ തന്റെ നേർക്കായും
മാലാഖ കണക്കവെ മിന്നിനിൽക്കും

അവളെപിച്ചിചീന്തി ഇല്ലാതാക്കി
ക്രൂരനവൻ നാട്ടിൽ നടന്നു മഹാനായി.
എന്തിനീ ക്രൂരത ചെയ്യെന്നറികില്ല.
അവളുടെ കണ്ണിന്റെ കുഴി ഒരു
കിണറുപോൽ തോന്നുന്നു എന്നാകിലും
ആരും അത് കണ്ടെത്തിയില്ല.
പലരും കണ്ടില്ലെന്ന് നടിച്ചതാകാം,
എൻെറ നിദ്രയിലും എന്റെ ഉള്ളം
നിർനിദ്രയിലായിരുന്നു.
ദയനീയമാം അവളുടെ നേത്രങ്ങൾ
തിളക്കമറ്റു, ഇതെൻെറ വികാരതലത്തെ
വീണ്ടുംഅരുതെന്ന്പറയാൻ വെമ്പലേകി.
ഇത്തരം കാഴ്ചകൾ കണ്ടുമടുത്തെന്ന്
ആ ജനൽപാളി അടക്കാൻ തുടിപ്പിച്ചു
ഒരിക്കലും തുറക്കാൻ തോന്നാത്തപോലെ ..



-ധാർമിക് ദേവ് 9A



നിവേദ്കൃഷ്ണ 7E


# മാതൃഭാഷ

മലയോര നാടെൻ കേരളം,
കുളിർമ്മ കൊള്ളുമെൻ കേരളം.
നാടിൻ ഭാഷയെൻ കേരളഭാഷ,
മലയാള ഭാഷയെൻ അഭിമാനഭാഷ..
കേരളീയ ഭാഷയെൻ മലയാളം,
കേരള പൊലിമയെൻ മലയാളം,
എൻ ഹൃദയത്തിൽ പതിക്കുമെൻ
കേരള ഭാഷ..
കേരളഘോഷമെൻ ഓണാഘോഷം,
മഹാബലി എഴുന്നള്ളും കേരളത്തിൽ
ഓണപ്പൂവിടും എൻ മുറ്റത്തിൽ
ഓണാഘോഷം പൊടിപൂരം..
ദൈവത്തിൻ സ്വന്തം നാടെൻ കേരളം
ദൈവത്തിൽ തുല്യമെൻ മാതൃഭാഷ,
മാതൃഭാഷ മലയാളം...

പ്രണവ് ആർ വി

## ബാല്യചാപല്യങ്ങൾ അറിയാതെ ഒരുവൾ

അവൾ ആ ഒറ്റയടിപാതയിലൂടെ എന്തോ ആലോചിച്ചുകൊണ്ട് നടന്നു. അവളുടെ മുടിയിഴകൾ കാറ്റ് തലോടുന്നുണ്ടായിരുന്നു. ബാല്യചാപല്യങ്ങൾ മതിയാവോളം ആസ്വദിക്കേണ്ട ആ പെൺകുട്ടി അനന്തതയിലേക്ക് ചായുന്നു. മാതാപിതാക്കളോടും തന്റെ സഹോദരനോടും കഴിയേ ആ പെൺകുട്ടി വിവാഹിതയാകാൻ പോകുന്നു.അവളെ ബാല്യത്തിൽ നിന്നും അറുത്തുമാറ്റി തന്റെ ബന്ധുക്കളും സമൂഹവും അവളെ ശൈശവവിവാഹത്തിന് ഒരുക്കുന്നു. അവളുടെ അനുജൻ അതൊന്നുമറിയുന്നില്ല. തന്റെ ചേച്ചിയെ എന്തിനാണ് ഒരാൾ കാണാൻ വന്നത് ,തന്റെ ചേച്ചി തന്നെ വിട്ട് എവിടെയാണ് പോകുന്നത്, എന്നിങ്ങനെ ഒരുപാട് ചോദ്യങ്ങളുമായി ആ കുട്ടി വെപ്രാളം കൊള്ളുന്നു.




"ചേച്ചി ആരാണ് ഇന്നിവിടെ വന്നത് ?"

"മോനെ, ചേച്ചിക്ക് നിന്നോട് ഒന്നും പറയാനുള്ള ത്രാണിയില്ല. ഞാൻ എന്ത് ചെയ്തിട്ടാണാവോ, ദൈവമേ ... ഞാൻ നിന്നെപ്പോലെ ജനിക്കാൻ ആഗ്രഹിക്കുന്നു. ഒരു പെണ്ണായി ജനിച്ചതിൽ ഞാൻ എന്തു തെറ്റ് ചെയ്തു. ദൈവമേ ..., നീ കാണുന്നില്ലേ, നീ കേൾക്കുന്നില്ലേ എന്റെ വിളി. എന്റെ മോനെ, ഇനി നീ എന്നെ കാണില്ല. എന്നെ നിന്നിൽ നിന്നും, ഇവിടെനിന്നും, അറുത്തുമാറ്റുകയാണ് ".

തന്റെ അനുജനൊപ്പം കളിച്ചുവളരേണ്ട പെൺക്കുട്ടി ഇന്നിതാ ചെറുപ്രായത്തിൽ സുമംഗലിയാവാൻ തയ്യാറാകുന്നു. തന്റെ ചേച്ചിക്ക് എന്തുപറ്റിയെന്നോ, തന്റെ മുന്നിൽ എന്താണ് നടക്കുന്നതെന്നോ ആ കൊച്ചു ബാലൻ അറിഞ്ഞില്ല. തന്റെ ചേച്ചിയാണെങ്കിൽ മനമുരുകി അവശയായിരുന്നു. തന്നോടൊപ്പം കളിക്കാനോ, ചിരിക്കാനോ, ചേച്ചിക്ക് പറ്റുന്നില്ല.ആ കൊച്ചു ബാലന്റെ മനസ്സ് വിതുമ്പി.

"അമ്മേ, ചേച്ചിക്ക് എന്താ പറ്റിയത് ? ചേച്ചിയെ എന്നോടൊപ്പം കളിക്കാനൊ ഒന്നിനും അമ്മ വിടുന്നില്ല. എന്തിനാണമ്മേ ഇങ്ങനെ ചെയ്യുന്നത്. ചേച്ചിക്ക് വല്ല വയ്യായ്കയും ഉണ്ടോ? അതിനാണൊ ഇന്നാൾ ഇവിടെ ആളുകൾ വന്നത്."

"മോനേ,നിന്നോട് പറഞ്ഞു കൂടാത്ത ചില കാര്യങ്ങളുമുണ്ട്. പിന്നെ, ചേച്ചിക്ക് ഒരു കുഴപ്പവുമില്ല. നീ ചേച്ചിയെപ്പറ്റി ചിന്തിക്കേണ്ട." ആ കൊച്ചുബാലൻ ഒന്നും അറിഞ്ഞിരുന്നില്ല. തന്റെ അടുത്തുനിന്നും ഇവരെല്ലാം എന്തോ മറയ്ക്കുന്നു, തന്റെ ചേച്ചിയടക്കം.

അങ്ങനെ അന്നേക്ക് മൂന്നാംദിനം ആ കൊച്ചുബാലൻ സന്ധ്യാസമയം പ്രാർത്ഥന ചൊല്ലി. എന്നാൽ എന്നും തന്നോടൊപ്പം ഇരിക്കുന്ന ചേച്ചി അന്ന് തന്റെ കൂടെ ഉണ്ടായിരുന്നില്ല. പ്രാർത്ഥന കഴിഞ്ഞ് തന്റെ രാമായണപുസ്തകം എടുത്തുവച്ചു. അപ്പോൾ അച്ഛൻ തന്നോട് പഠിക്കാൻ പറഞ്ഞു. പതിവായി താനും ചേച്ചിയും ഒരുമിച്ചായിരുന്നു പഠിക്കാനിരിക്കൽ. തന്നെ ചേച്ചിയായിരുന്നു പഠിപ്പിക്കൽ. എന്നാൽ ഇന്നവൻ ഒറ്റയ്ക്ക് തപ്പിതടഞ്ഞ് വായിക്കാനും പഠിക്കാനും തുടങ്ങി. തന്റെ ചേച്ചിയുടെ

വിദ്യാഭ്യാസമെല്ലാം ആരൊക്കെയോ ചേർന്ന് തടവിലാക്കി എന്ന് അവൻ അറിഞ്ഞിരുന്നു. അങ്ങനെ നിൽക്കുമ്പോഴാണ് അവരുടെ അമ്മാവൻ വരുന്നത്.

"എന്താ ഉണ്ണി നീ പഠിക്കുകയാണോ?"

"അതെ അമ്മാവാ ഞാൻ പഠിക്ക്യാ, എന്നാൽ പഠിക്കുന്നതൊന്നും എനിക്ക് മനസ്സിലാവുന്നില്ല..."

"അതെന്തേ അങ്ങനെ?"

"എന്നെ പതിവായി ചേച്ചിയായിരുന്നു പഠിപ്പിക്കാറ്, എന്നാൽ ചേച്ചിയിന്ന് എന്നോട് മിണ്ടാൻപോലും തയ്യാറാകുന്നില്ല "

പെട്ടെന്ന് അമ്മാവന്റെ മുഖം വിയർപ്പ് മൂടി, ഒന്നും പറയാനാവാതെ അയാൾ തല കുനിച്ചു.

"ഉണ്ണി നീ അകത്ത് പോ. ചെറിയ വായയിൽ എന്തൊക്കെയാ."

"ശരി അച്ഛാ..."

ഉണ്ണിക്ക് മനസ്സിലായില്ല താൻ എന്ത് തെറ്റാണ് പറഞ്ഞത്. എന്തിനാണ് അച്ഛൻ ഇങ്ങനെ ചെയ്യുന്നത്. അന്ന് രാത്രിയാണ് ഉണ്ണി കാര്യമറിയുന്നത്. തന്റെ ചേച്ചി വിവാഹിതയാകുന്നു. തന്നിൽ നിന്ന് അകലുന്നു. അച്ഛനും, അമ്മയും, അമ്മാവനും സംസാരിക്കുന്നത് ഉണ്ണി കേട്ടു. അവൻ ഓടിച്ചെന്ന് ചേച്ചിയെ കെട്ടിപ്പിടിച്ചു, ചേച്ചിയവനെ മാറോട് ചേർത്തു. ചേച്ചി, നീയെന്തിനാണ് ഈ പ്രായത്തിൽ വിവാഹം കഴിക്കുന്നത് ?എന്നെപോലെ തന്നെ നീയുമൊരു കുട്ടിയല്ലേ.."

"അറിയില്ല. ഉണ്ണി, ഈ ചേച്ചിക്ക് ഒന്നുമറിയില്ല. ഇനി നിന്നോട് കളിക്കാനോ, പഠിക്കാനോ ഞാനുണ്ടാകില്ല. ഈ ചേച്ചി എന്ത ചെയ്തു ഉണ്ണി.... ഇനി ഒരു പെൺ കുട്ടിക്കും ഇങ്ങനെയൊരു അവസ്ഥ വരുമോ എന്റെ ദൈവമേ... ചേച്ചി തന്നിൽ നിന്നും അകന്നു. ഉണ്ണി ഒറ്റക്കായി അവൻ ഏകാന്തതയിൽ മുങ്ങിപോയി. ചേച്ചിയും താനും ഒപ്പം നട്ട മുല്ലപ്പൂ ഉണങ്ങിപോയി. ചേച്ചിയുടെ ഓർമകൾ ഉണ്ണിയെ വല്ലാതെ ബാധിച്ചു.

പറന്ന് ഉയരുന്നതിനു മുമ്പ് പരുന്തിന്റെ വായിലകപ്പെട്ട കിളിയെ പോലെ അവളുടെ ജീവിതം തകർന്നു.

സമൂഹത്തിലെ അനാചാരങ്ങൾക്കും അന്ധവിശ്വാങ്ങൾക്കും ഇരയായിവന്ന അനവധി പെൺകുട്ടികളിൽ ഒരുവൾ...

-അനുഷ്ക മുകുന്ദൻ 10 ജി-

## ജാലക കാഴ്ചകൾ

ആ ജാലകവഴി അവളെന്നെ
നോക്കി നിൽക്കവേ
ഞാൻ അവളുടെ പ്രണയത്താൽ
അലിഞ്ഞുതീർന്നു
പൂനിലാചന്ദ്രനെ പോലെ അവൾ
അതിമനോഹരമായിരുന്നു.....
ജാലകവഴി അവൾ ചന്ദ്രനെ നോക്കി,
രണ്ടു കിളികൾ ആർത്തുരസിച്ചുകൊണ്ട്
പ്രണയ ഗീതം മുഴക്കികൊണ്ടിരിക്കവേ....
ജനാലയുടെഅരികിൽ
കാതുകൾ കൂർപ്പിച്ച് അവൾ
ആ ഗീതത്തിൽ ലയിച്ചിരിക്കുന്നു.....
സുന്ദരമായ ജനൽ കാഴ്ചകൾ അവളെ
എന്നും ആനന്ദപൂരിതയാക്കുവാണ്..



## വഴിയാത്രക്കാരൻ

നടന്നു നടന്നു എൻ കാൽച്ചുവടുകൾ
നട വഴിയിലൂടെ....
എൻ പ്രകൃതി ആസ്വാദിച്ചു ഞാൻ.
ഇടവഴികളിലൂടെയും നടവഴികളിലൂടെയും
ഞാൻ മലയും കുന്നുകളും കടന്നു ഞാൻ
വഴിയാത്രയിലൂടെ...
എന്തു ഭംഗി എന്റെ ഭൂപ്രകൃതി.
എൻ കാൽച്ചുവടുകളിലുടെ മലയും കുന്നും
കാടും അരുവികളും കടന്ന് ഞാൻ
യാത്ര തുടരുന്നു...
എന്റെ ലോകം മുഴുവനും
എന്റെ നാടു മുഴുവനും
ഞാൻ സഞ്ചരിച്ചു കൊണ്ടേയിരിക്കുന്നു
എന്റെ നാടുകളിലൂടെയും
എന്റെ ഗ്രാമങ്ങളിലുടെയും
ഞാൻ വഴിയാത്ര ചെയ്തു  കൊണ്ടേയിരിക്കുന്നു.
നടന്നു നടന്നു എൻ കാൽച്ചുവടുകൾ
നടവഴികളിലുടെയും ഇടവഴികളിലൂടെയും
ഞാൻ യാത്ര ചെയുന്നു.
യാത്രയണ് എന്റെ ഭാവി
എനിക്കൊരു നാളെ എന്നു
 പറയാൻ ...
യാത്രമാത്രമാണ് എന്നിൽ
ഇതുവരെയും ഞാൻ എന്റെ
യാത്രയെ മാത്രം മോഹിച്ചിരുന്നു.
എന്റെ നാളെയെന്നു
പറയാൻ....
ഈ യാത്ര മാത്രമേ എനിക്കുളളു...
എൻ കാൽപാദങ്ങൾ



എവിടെയെന്നറിയാതെ,
നടന്നു നടന്നു നടന്നു ദുരെ സഞ്ചരിക്കുന്നു
എവിടെ യെന്നറിയാതെ ഞാൻ ദൂരങ്ങളിലേക്ക്....
എന്റെ  കാൽച്ചുവടുകൾ...
എന്നും യാത്ര തന്നെ എൻ മനസ്സിൽ
നാളെയെന്നു പറയുവാൻ എനിക്ക്
യാത്രകൾ മാത്രം....
ഞാനും എന്റെ കൽപാദവും യാത്ര ചെയ്തു
കോണ്ടേയിരിക്കുന്നു.
എവിടെയെന്നറിയാതെ.....
നടന്നു നടന്നു എൻ  കാൽച്ചുവടുകൾ നടവഴിയിലുടെ..
നടന്നു  നടന്നു  എൻ കൽപാദങ്ങൾ
ഇടവഴിയിലൂടെ.... ---നിരഞ്ജന സി



നിവേദ്കൃഷ്ണ്



## പ്രസിദ്ധീകരണ സമിതി

മുഹമ്മദ് ഷെഫിൻ.കെ.പി- 9 B
അദ്വൈത്.കെ.കെ- 9 C
ആദിദേവ്.ടി-9 C
ദേവപ്രിയ.പി-9 B
ഹരിഗോവിന്ദ്.സികെ-9 B
ധാർമ്മിക്ക് ദേവ്.വി.സി-9 A
ഹരിചന്ദന എ.പി-9 A
ലിയാന രമേശ്-9 A
ഫാത്തിമ.കെ-9 B
മിഥുൽ കൃഷ്ണ.എം.ടി-9 A
നിവേദ് കൃഷ്ണ-9A